(എച്ച്) ഇല്ല. ക്രൈംബ്രാഞ്ചിന് കൈമാറാൻ നിർദ്ദേശം നൽകിയിട്ടില്ല.

(ഐ) വാഹനം ഏതാണെന്ന് തിരിച്ചറിഞ്ഞിട്ടില്ല.

(ജെ) അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ വിശദവിവരങ്ങൾ വെളിവാകുകയുള്ളു.

ബലാൽക്കാരശ്രമത്തിനെതിരെ കേസ്

24 [1539] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി പോലീസ് സ്റ്റേഷനതിർത്തിയിൽ പനങ്ങോട് പഞ്ചായത്തിലെ ആദിവാസിയായ കാപ്പിക്കുന്നുമ്മൽ ഷാലുവിന്റെ ഭാര്യ സുചന എന്ന ആദിവാസി യുവതിയെ പനങ്ങാട് പ്രൈമറി ഹെൽത്ത് സെന്ററിൽ ഫാർമസിസ്റ്റ് ബലാൽക്കാരം ചെയ്യുവാൻ ശ്രമിച്ചത് സംബന്ധിച്ച് പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം സെക്ഷനനുസരിച്ചാണ് എന്ന് വിശദമാക്കാമോ ;

(ബി) പ്രതിയെ അറസ്റ്റ് ചെയ്തുവോ; കേസ് ചാർജ്ജ് ചെയ്തുവെങ്കിൽ ഏതെല്ലാം വകുപ്പുകൾ അനുസരിച്ചാണ് എന്ന് വെളിപ്പെടുത്താമോ ;

(സി) ഇത്തരത്തിൽ കുറ്റകൃത്യങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ബാലുശ്ശേരി പോലീസ് സ്റ്റേഷനിൽ ക്രൈം 46/05 നമ്പരായി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇൻഡ്യൻ ശിക്ഷാനിയമത്തിലെ 354, 323, 506 (1), ആന്റ് എസ്.സി/എസ്.റ്റി. (പ്രിവൻഷൻ ഓഫ് അട്രോസിറ്റീസ്) ആക്ടിലെ 3 (1), (2) എന്നീ വകുപ്പുകൾ അനുസരിച്ചാണ് കേസ്.

(ബി) പ്രതി കോടതിയിൽ ഹാജരായപ്പോൾ കോടതി പ്രതിയെ ജാമ്യത്തിൽ വിട്ടയച്ചു. കേസ് അന്വേഷണാവസ്ഥയിലാണ്.

(സി) ഇത്തരം കുറ്റകൃത്യങ്ങൾ റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് നിയമാനുസരണം ശക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്.

അകാരണമായി അറസ്റ്റ് ചെയ്ത് ലോക്കപ്പിലിട്ടതിനെതിരെ നടപടി

25 [1540] ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലശ്ശേരി മണ്ഡലത്തിൽപ്പെട്ട തിരുവങ്ങാട് വില്ലേജിലെ കുട്ടിമാക്കുൽ സ്വദേശി പൊച്ചേരി സ്വദേശി സഹദേവനെ 17-12-2004-ന് തലശ്ശേരി പോലീസ് സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ അകാരണമായി വീട് വളഞ്ഞ് അറസ്റ്റ് ചെയ്ത് ലോക്കപ്പിലിട്ട വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly